# ആമുഖം

തളിക്കുളം തീരദേശത്ത് 93 വർഷങ്ങൾ പിന്നിട്ട ശ്രീനാരായണ ഗുപ്താലയം എന്ന വിദ്യാലയം, ഈ പ്രദേശത്തെ കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നു നൽകുന്നതിന് സ്ഥാപിതമായ വിദ്യാകേന്ദ്രമാണിത്. അതോടൊപ്പം എല്ലാകുട്ടികൾക്കും പ്രത്യേക പരിഗണനയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് നിലകൊള്ളുന്നു. വിദ്യാഭ്യാസ രംഗത്തെ കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാലയത്തിന്റെയും കുട്ടികളുടെയും പുരോഗതി ലക്ഷ്യമാക്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് അടുത്ത വർഷത്തെ പദ്ധതിയാണ് ഇവിടെ ലക്ഷ്യമിടുന്നത്. പിടിഎ, ഒ.എസ്.എ, എസ്.എസ്.ജി, വിദ്യാലയ വികസനസമിതി എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതിരേഖ തയ്യാറാക്കിയത്.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

തളിക്കുളം പഞ്ചായത്തിൽ കൈതക്കൽ ദേശത്ത് പത്താം വാർഡിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ സ്കൂൾ സ്ഥാപിതമായത് 1926ലാണ്. ശ്രീനാരായണ കൃപാലയം, തളിക്കുളം കൈതക്കൽ പ്രദേശത്തും തീരദേശത്തുമുള്ള കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക സ്ഥാപനമാണ്. അന്നത്തെ സമൂഹത്തിലെ പുരോഗമന ചിന്താഗതിക്കാരായ തൊഴുത്തുംപറമ്പിൽ രാമ, മാധവൻ, ശങ്കു മാസ്റ്റർ ഇടങ്ങിയ വ്യക്തികളുടെ പരിശ്രമഫലമായാണ് ഈ വിദ്യാലയം ഉയർന്നു വന്നത്. ഭൂരിഭാഗം ജനവിഭാഗങ്ങളും താഴേക്കിടയിലുള്ളവരും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവരും ആയിരുന്നു. അവരുടെ ഉന്നമനത്തിനായാണ് ഈ സ്ഥാപനം നിലവിൽ വന്നത്. തുടർന്ന് ഈ വിദ്യാലയത്തിന്റെ ഉടമസ്ഥാവകാശം കൊച്ചം പറമ്പത്ത് കൃഷ്ണൻ മാസ്റ്റർ, ആപ്പറമ്പത്ത് നാരായണൻ മാസ്റ്റർ, തൊഴുത്തുംപറമ്പിൽ ശങ്കു മാസ്റ്റർ എന്നിവരുടെ കൈകളിലായി. വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥികളിൽ പലരും ഇന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രധാനമായും ആരോഗ്യം, വിദ്യാഭ്യാസം, നീതിന്യായം, റവന്യൂ, സൈനികം, രാഷ്ട്രീയം എന്നീ മേഖലകളിൽ ഉന്നതസ്ഥാനം അലങ്കരിച്ചിട്ടുണ്ട്. കൂടാതെ കുറെയധികം പേർ എഞ്ചിനീയർമാരായും ചുരുക്കം ചിലർ ക്ലാസ് വൺ ഉദ്യോഗസ്ഥരായും ഒട്ടേറെ പേർ സാമൂഹിക സേവനരംഗത്തും പ്രശസ്തരായി തീർന്നിട്ടുണ്ട്. ഇത് നമ്മുടെ വിദ്യാലയത്തിന് അഭിമാനം തന്നെയാണ്.

# നിലവിലെ സ്കൂളിന്റെ അവസ്ഥ

പ്രകൃതി ഒരു പാഠപുസ്തകം എന്ന നിലയിൽ ക്ലാസ് തല പ്രവർത്തനങ്ങളും സ്കൂൾ തല പ്രവർത്തനങ്ങളും നടത്തുന്നതുകൊണ്ട് കുട്ടികൾക്ക് പ്രവർത്തനങ്ങൾ ചെയ്യുന്നതിന് നല്ല താൽപര്യമുണ്ട്. എല്ലാ ക്ലാസുകളിലും ലൈബ്രറി സജ്ജീകരണങ്ങൾ ഉള്ളതുകൊണ്ട് കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കാൻ സഹായകരമായി. മലയാളത്തിളക്കവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ട് മലയാളഭാഷ നിഷ്പ്രയാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നുണ്ട്. ശാസ്ത്ര വിഷയങ്ങളിൽ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരന്തരം പരീക്ഷണങ്ങളിൽ ഏർപ്പെടുകയും നിഗമനങ്ങളിൽ എത്തിച്ചേരാനും കുട്ടികൾക്ക് കഴിയുന്നത് ഒരു മികവ് തന്നെയാണ്. പഠന പ്രവർത്തനങ്ങൾ പഠനോപകരണങ്ങൾ ഉപയോഗിച്ച് ചെയ്യുന്നതുകൊണ്ട് ഭിന്നതലക്കാർക്ക് പ്രവർത്തനങ്ങളിൽ പങ്കാളിത്തം സാധ്യമാകുന്നു. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് പഠനപ്രവർത്തനങ്ങൾ ചെയ്യുന്നതിന് കുട്ടികൾക്ക് ഉത്സാഹമാണ്.

ആമുഖം :-

സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കോവിഡാനന്തരം കുട്ടികളിലുണ്ടായിട്ടുള്ള പഠനവിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

# കാവ്യോത്സവം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം, അവതരണം എന്നിവയിൽ മികവുണ്ടാകുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന ഇടപെടലാണ് കാവ്യോത്സവം.

ഒന്നാംക്ലാസ് മുതലാരംഭിക്കുന്ന പാട്ടരങ്ങിന്റെയും മൂന്നാം ക്ലാസിലെ കാവ്യോത്സവത്തിന്റെയും തുടർച്ചയാണ് 4-ാം ക്ലാസിൽ കാവ്യോത്സവം നടത്തുന്നത്. പാഠഭാഗത്തെ കവിതകളും പഠന പ്രമേയങ്ങളുമായി ബന്ധപ്പെട്ട കവിതകളും പാട്ടുകളുമെല്ലാം ഈ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താം.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികൾക്ക് ഈണവും താളവും ആശയവും ഉൾക്കൊണ്ട് വരികൾക്ക് ഭാവം നൽകാനും കൂട്ടിച്ചേർക്കാനും കഴിയുമെന്നതാണ് പ്രധാന കണ്ടെത്തൽ.

## ലക്ഷ്യങ്ങൾ

* താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.
* ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ, കവിതകൾ ഈണം, താളം പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു.
* കവിതകൾ/പാട്ടുകൾ താളത്തിനനുസരിച്ച് ഒറ്റക്കും കൂട്ടായും വാദ്യോപകരണങ്ങൾ ഉപയോഗിക്കുകയും ചുവടുകൾ വെക്കുകയും ചെയ്യുന്നു.
* വരികൾ കൂട്ടിച്ചേർത്ത് വാക്കുകളും വരികളും എഴുതാനും പാടാനും അറിവു നേടുന്നു.
* പാഠപുസ്തകത്തിലെ കവിതകളും വായ്ത്താരികളും താളവും ഈണവും പാലിച്ച് പാടുന്നു.
* ഏറ്റുചൊല്ലാവുന്ന തരത്തിൽ ഈണവും താളവും ഉൾക്കൊണ്ട് പാടിക്കൊടുക്കുന്നു.
* സമാന ആശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു.
* ആശയത്തുടർച്ചയുള്ള വരികൾ താളക്രമം പാലിച്ച് കൂട്ടിച്ചേർക്കുന്നു.
* ഈണവും താളവും പാലിച്ച് സ്വന്തമായി പാട്ടുകൾ എഴുതി അവതരിപ്പിക്കുന്നു.

## സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവത്തെ അതിന്റെ വൈകാരികതയോടെ എഴുതിവെക്കലാണ് ഡയറി എഴുത്തിൽ നടക്കുന്നത്. ഇത് എല്ലാദിവസവും നടക്കുന്ന ഒരു വ്യക്തിഗത പ്രക്രിയയാണ്. ഡയറി എഴുത്തിൽ കൂടുതൽ സർഗ്ഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗ്ഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുകയും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുകയും ആണ് സർഗാത്മക ഡയറി ഊന്നൽ നൽകുന്നത്.

ലക്ഷ്യങ്ങൾ :- * സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.

* അപൂർവ്വ കൃതികളും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.
* സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നു.
* ഭാഷാനൈപുണി, ചിന്താശേഷി വികസിക്കുന്നു.
* കുട്ടികളുടെ ഭാവനകളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.

# റീഡേഴ്സ് തിയേറ്റർ

രംഗസജ്ജീകരണമോ ചമയങ്ങളോ ഇല്ലാതെ ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകവായന നടത്തുന്നതിനെയാണ് റീഡേഴ്സ് തിയേറ്റർ എന്ന് വിളിക്കുന്നത്. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പരിമിതികളും മറികടക്കുവാൻ ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുണ്ട്. കുട്ടികളുടെ വായനാശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ എന്ന പ്രവർത്തനം സഹായകമാണ്.

ഗുണങ്ങൾ :-

* കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
* കേൾവിക്കാരെ ആശയം ബോധ്യപ്പെടും വിധം വായിച്ചവതരിപ്പിക്കുന്നു.
* സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവു നേടുന്നു.
* പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാ ശേഷി വികസനം | * കുട്ടി പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br>* ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.<br>* ടീച്ചർ പുസ്തകങ്ങൾ (കഥകൾ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>* ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.<br>* ഡിജിറ്റൽ സാധ്യതകളിലൂന്നി കഥകൾ, പാട്ടുകൾ കേൾക്കാനും കാണാനുമുള്ള സാധ്യതകൾ | ജൂൺ<br>ജൂൺ–ജൂലായ്<br>ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>PTA, MPTA<br>HM | PTA. |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക. | * പാട്ടരങ്ങ്, കഥയരങ്ങ് സംഘടിപ്പിക്കൽ<br>* സചിത്ര ഡയറി, സർഗാത്മക ഡയറി<br>* കാവ്യോത്സവം സംഘടിപ്പിക്കൽ<br>* കാവ്യാവിഷ്കാരം, കഥാപാത്രചിത്രീകരണം എന്നിവ നടത്തൽ | ജൂലായ് – ആഗസ്റ്റ് | HM<br>ക്ലാസ്ടീച്ചർ<br>SRG<br>PTA. | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എഴുത്ത്, വായന പരിപോഷിപ്പിക്കുന്നതിന് | * വായന, എഴുത്ത് എന്നിവയിലെ പിന്നോക്കക്കാരെ കണ്ടെത്തൽ<br>* ലഭ്യമായ വായനാകാർഡുകൾ കണ്ടെത്തി- ടീച്ചറുടെ മാതൃകാ വായന.<br>* വായനാ കാർഡുകൾ വ്യക്തിഗതമായി വായിക്കൽ<br>* കുട്ടി എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിയൽ<br>* രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തൽ<br>* വായന - വീഡിയോ (രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ)<br>* വായനാകാർഡുകൾ നിർമ്മാണം (ശില്പശാല) - കുട്ടികളുടെ സർഗവാസനകൾ ഉൾപ്പെടുത്തി<br>* വായനാ കാർഡുകൾ - ഇഷ്ട വ്യവഹാരരൂപങ്ങളിലേക്ക് മാറ്റൽ.<br>* വായിച്ച് അവതരണം - വീഡിയോ ക്ലാസ് ഗ്രൂപ്പുകളിൽ | ഡിസംബർ - മാർച്ച് | ക്ലാസ്ടീച്ചർ<br>HM<br>SRG<br>PTA<br>MPTA | PTA<br>OTA |
| | * പുസ്തക ശേഖരണം * വായനാകുറി | നവംബർ | വായനശാല | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| സാഹിത്യപ്രതിഭകളെ അടുത്തറിയൽ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | * കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി അവതരണം.<br>* ചിത്രശേഖരണം, പുസ്തകശേഖരണം, പതിപ്പുകൾ തയ്യാറാക്കൽ<br>* ലഘു ക്വിസ്, സംഘടിപ്പിക്കൽ | ആഗസ്റ്റ്<br>ജൂലായ് - ഡിസംബർ | ക്ലാസ് ടീച്ചർ<br>MPTA | PTA<br>OTA |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ<br>* സന്നദ്ധതാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>* പ്രത്യേക പരിശീലനം നൽകൽ.<br>* ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന ഇവരെ | ക്ലാസ് ടീച്ചർ<br>SRG | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിന് | * സർഗ്ഗോത്സവം സംഘാടനം.<br>* കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം<br>* അവതരണം | വർഷത്തിലൊരിക്കൽ (ഫെബ്രുവരി) | HM<br>SRG<br>CPTA<br>PTA<br>class teacher | PTA<br>OSA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം രസകരമാക്കൽ, ലളിതമാക്കൽ | * ഓരോ ക്ലാസിനും അനുയോജ്യമായ വിവിധ കളികളുടെ ആസൂത്രണം, നടപ്പാക്കൽ. (പാമ്പും കോണിയും, ഡയസ്കളി, കച്ചവടക്കളി, കാർഡ്കളി etc ) | വർഷം മുഴുവൻ (June - Feb) | ക്ലാസ് ടീച്ചർ | PTA |
| | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്തംബർ | SRG | OTA |
| | * മെട്രിക് മേള | ജനുവരി | HM | OSA |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | * ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | | | |
| | * ടാൻഗ്രാം പ്രവർത്തനങ്ങൾ | | | |
| | * ഗണിത പ്രാർത്ഥന. | | | |

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - ശില്പശാല.<br>* പ്രദർശനം | ജൂൺ<br>ഒക്ടോബർ<br>ഡിസംബർ | HM<br>SRG<br>ക്ലാസ്ടീച്ചർ<br>CPTA | PTA<br>OSA |
| * ഒരുദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും ഉൾപ്പെടുത്തി) | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ്ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | * പ്രശ്നോത്തരി * പസിൽ. * പാറ്റേൺ.<br>* ഉല്പന്നങ്ങളുടെ പ്രദർശനം | ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>MPTA | CSA- |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും നിരീക്ഷിക്കുന്നതിനും | * പ്രകൃതി നടത്തം * ഔഷധത്തോട്ട നിർമ്മാണം * പച്ചക്കറി തോട്ടം * ഉദ്യാനപരിപാലനം.<br>* ജൈവവൈവിധ്യ പാർക്ക് സംരക്ഷണം.<br>* മഴക്കുഴി നിർമ്മാണം.<br>* ജലസ്രോതസ്സുകൾ, കാവുകൾ സംരക്ഷണം.<br>* Field trip. | ജൂലൈ - ഡിസംബർ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | OSA<br>PTA |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | * ശുചിത്വ സർവ്വേ * ബന്ധപ്പെട്ട അവബോധ ക്ലാസുകൾ<br>* പോസ്റ്റർ രചനാ മത്സരം.<br>* സർവ്വേ ചോദ്യ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | * നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും.<br>* പാചകക്കുറിപ്പ് തയ്യാറാക്കൽ<br>* വീട്ടിലൊരു വിഭവം – ഇഷ്ടവിഭവം (Video)<br>* ഭക്ഷ്യമേള – പ്രദർശനം. | ജൂൺ – ആഗസ്റ്റ് | ക്ലാസ്ടീച്ചർ<br>SRG<br>CPTA |
| ശാസ്ത്രാവബോധം വളർത്തുക<br><br>ലഘുപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | * മണത്തു നോക്കാം കണ്ടെത്താം.<br>* പരീക്ഷണം വീട്ടിനകത്തും.<br>* അനുയോജ്യ സാമഗ്രികൾ കണ്ടെത്തൽ<br>* ലഘുപരീക്ഷണങ്ങൾ ചെയ്യൽ<br>* കുറിപ്പുകൾ തയ്യാറാക്കൽ<br>* ശാസ്ത്രമാസികകൾ അറിയൽ വായിക്കൽ<br>* ശാസ്ത്ര പ്രതിഭകളെ അടുത്തറിയൽ | സെപ്തംബർ – ഡിസംബർ | ക്ലാസ്ടീച്ചർ<br>SRG<br>PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കേരളം-ഇന്ത്യ ഭൂപടവായന-സൂചിക-പരിചയപ്പെടൽ | * ദിക്കുകൾ തിരിച്ചറിയൽ<br>* ഭൂപട വായന<br>* സൂചികകൾ തിരിച്ചറിയൽ<br>* സൂചിക നിർമ്മാണം. | ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ<br>SRG | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | * പതിപ്പ് * ചാർട്ട് * ആൽബം<br>* പഠനോപകരണം<br>* പരീക്ഷണം<br>* പ്രദർശനം. | ഫെബ്രുവരി | HM<br>SRG<br>Class teacher | PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To speak, Read write English without any mistakes.<br><br>Respond to simple instructions in the class room.<br><br>Engage in games | * Pre test<br>* To develop listing skills and reading skills first.<br>Listening skills.<br>Games.<br>Action songs<br>Hello English activities<br>Conversation<br>Skit - Stories<br>Use ICT.<br>Speaking skills.<br>Descriptions (Introduce Symbol)<br>Growing Sentences | June - october | Class teacher<br>Parents | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | picture reading.<br>picture description.<br>Self Introduction<br>Assembly activities<br>Riddles. | | | |
| Enjoy songs with Rhythm and action. | Enjoy songs and sings them with Rhythm and action.<br>Collect and read short poem.<br>rhyming words<br>describing words<br>Text book activities<br>Add more lines | July - March | Class teacher<br>Parents | OTA<br>PTA |

| | | | | |
|---|---|---|---|---|
| Every child should able to speak english fluently like malayalam. | Provide the opportunity to express myself in the class room.<br>Speaks English fluently.<br>Read and write simple sentences.<br>English assessembly once in a week.<br>Encourge the digital reading, | January - March | Class teacher Parents | PTA |
| Improve reading skills | Graphic reading, picture reading, Reading cards reading | Aug - March | Teacher and parent | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Improve writing skills | make a word web<br>Picture description<br>make riddle.<br>make poster | July - Feb | Teacher parents | |